# കാലിക്കറ്റ് യൂണിവേഴ്സിറ്റി ബുള്ളറ്റിൻ

Patron: Prof. (Dr.) K.K.N. Kurup, Vice-Chancellor
Printer & Publisher : Dr. M. Dasan, Registrar
Editor: Dr. P.K. Chandran

വാള്യം 2 | ലക്കം 11, 12 | 2002, ഏപ്രിൽ- മെയ്




## നമോവാകം

പ്രിയരേ,

കാലിക്കറ്റ് സർവകലാശാലയിൽ വിദ്യാർത്ഥിയായി ആരംഭിച്ച് അദ്ധ്യാപകനായും വൈസ് ചാൻസലറായും പ്രവർത്തിച്ച്, നീണ്ട മുപ്പതു വർഷങ്ങൾക്കു ശേഷം ഈ ജൂൺ 19-ാം തിയ്യതി വൈകുന്നേരം ഞാൻ പിരിഞ്ഞു പോവുകയാണ്. ഈ സർവകലാശാലയോട് വിടവാങ്ങുമ്പോൾ, കഴിഞ്ഞ നൂറ്റാണ്ടിൽ നിന്നും പുതിയ നൂറ്റാണ്ടിലേക്കുള്ള ഈ ഉന്നതവിദ്യാകേന്ദ്രത്തിന്റെ വളർച്ചയിൽ നേതൃത്വം കൊടുക്കുവാൻ കഴിഞ്ഞു എന്നതിൽ അത്യന്തം ചാരിതാർത്ഥ്യം കൊള്ളുന്നു. മലബാറിന്റെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയിൽ നിന്നും മുന്നോട്ടുവരികയും ശാസ്ത്ര സാങ്കേതിക മേഖലകളിലും മറ്റു മാനവിക വിഷയങ്ങളിലും ചുരുങ്ങിയ വർഷങ്ങൾക്കിടയിൽ വലിയ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്ത ഒന്നാണ് ഈ വിദ്യാകേന്ദ്രം. ഈ മാറ്റത്തിനായി അക്ഷീണം പരിശ്രമിച്ച സർവകലാശാലാ ഭരണസമിതികളിലെ അംഗങ്ങളോടും അദ്ധ്യാപകരോടും അനദ്ധ്യാപക ജീവനക്കാരോടും വിദ്യാർത്ഥികളോടും ഈ നേട്ടങ്ങൾ കൈവരി ക്കാൻ ഈ സർവകലാശാലയെ പ്രാപ്ത മാക്കിയ മറ്റനേകം വ്യക്തികളോടും വൈസ് ചാൻസലർ എന്ന നിലയിലുള്ള എന്റെ കടപ്പാട് പ്രത്യേകം രേഖപ്പെടുത്തട്ടെ.

പുതിയ സർവകലാശാലാ കേന്ദ്രങ്ങളും പഠന വകുപ്പുകളും എഞ്ചിനീയറിംഗ് കോളേജ് അടക്കമുള്ള പുതിയ സ്ഥാപനങ്ങളുംപ്രസിദ്ധീകരണ വിഭാഗവും ആധുനികവല്ക്കരിച്ച പ്രിന്റിങ്ങ് പ്രസ്സും മറ്റനേകം സംരംഭങ്ങളും ഈ കാലയളവിൽ പൂർത്തീകരിക്കുവാൻ കഴിഞ്ഞുവെന്നത് ഈ സർവ്വകലാശാലയുടെ വളർച്ചയുടെ ഉത്തമ ഉദാഹരണമാണ്. **NAAC** ന്റെ വിലയിരുത്തലിൽ 70 പോയിന്റ് നേടാൻ കഴിഞ്ഞുവെന്നതും, ഈ സർവകലാശാല ഗ്രാമങ്ങളിലേക്ക് അതിന്റെ പ്രവർത്തന മേഖല വികസിപ്പിച്ചതിനെ **NAAC** മുക്തകണ്ഠം പ്രശംസിച്ചതും ഇവിടെ പ്രത്യേകം ഓർമ്മിക്കുന്നു. സർവകലാശാലയുടെ പ്രവർത്തനങ്ങൾ ശാസ്ത്ര സാങ്കേതിക രംഗത്തും മറ്റു മേഖലകളിലും കൂടുതൽ ഊർജ്ജസ്വലമാക്കാൻ വരുംകാലങ്ങളിൽ കൂട്ടായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കാൻ ഈ വിലയിരുത്തൽ സഹായിച്ചിരിക്കുകയാണ്. കൂടുതൽ വികസന പ്രവർത്തനങ്ങളും പഠന മേഖലകളും ആരംഭിക്കേണ്ടതുണ്ടെന്ന് ഇവിടെ അനുസ്മരിക്കട്ടെ.

വരുംകാലങ്ങളിൽ ഉത്തര കേരളത്തിന്റെ സർവതോന്മുഖമായ വളർച്ചയ്ക്ക് സഹായകമായ വിവിധ പ്രവർത്തനങ്ങളുമായി നമ്മുടെ സർവ്വകലാശാലയെ ബന്ധപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ ദിശയിലാരംഭിച്ച പ്രവർത്തനപദ്ധതികളെ വികസിപ്പിച്ചും കൂടുതൽ കരുത്താർന്ന അക്കാദമിക വീക്ഷണം കാഴ്ചവെച്ചും ഈ സർവകലാശാല മുന്നോട്ടു പോകുമെന്ന പ്രത്യാശയോടെ നിങ്ങൾ ഓരോരുത്തരോടും വൈസ് ചാൻസലർ എന്ന നിലയിൽ ഞാൻ യാത്ര ചോദിക്കട്ടെ. ഭാവിയിലും ഉന്നത വിദ്യാഭ്യാസ പ്രവർത്തനങ്ങളും ഗവേഷണപഠനങ്ങളുമായി ജീവിതകാലം പൂർത്തിയാക്കുക എന്നതാണ് എന്റെ ലക്ഷ്യം. ഈ പ്രവർത്തനങ്ങൾക്കു വേണ്ടി വടകരയിൽ മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് & ഡവലപ്മെന്റ് എന്ന പേരിൽ ഒരു ചെറിയ പഠനകേന്ദ്രം കെട്ടിപ്പടുക്കുകയെന്ന പ്രവർത്തനവുമായി ഈ അവസരത്തിൽ മുന്നോട്ടു പോകുവാനാഗ്രഹിക്കുന്നു.

സ്നേഹാശംസകളോടെ

പ്രൊഫ. (ഡോ.) കെ.കെ.എൻ. കുറുപ്പ്


സ്ഥിരവിലാസം
പൂമാലിക,
ചോമ്പാല പി.ഒ.
673 308
0496-502929


### യൂണിവേഴ്സിറ്റി ഹെൽത്ത് സെന്ററിൽ ഡോ. രാമമൂർത്തിയുടെ സേവനം ലഭിക്കും

കോഴിക്കോട് മെഡിക്കൽ കോളേജിലെ മെഡിസിൻ വിഭാഗം തലവനും പ്രശസ്ത പ്രമേഹ ചികിത്സ കനുമായ ഡോ.കെ.പി. രാമമൂർത്തി ബുധൻ, ശനി ദിവസങ്ങളിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഹെൽത്ത് സെന്ററിൽ രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതാണ്. പ്രൊഫ. എം.എം. ഗനിയുടെ പേരിലുള്ള ഏറ്റവും നല്ല അദ്ധ്യാപകനുള്ള അവാർഡ് ലഭിച്ച ഡോ. മൂർത്തി, വൈസ് ചാൻസലറുടെ പ്രത്യേക അഭ്യർത്ഥന മാനിച്ചാണ് ഈ സേവനം വിട്ടുതരുന്നത്. മെഡിക്കൽ കോളേജിൽ നിന്നും മെയ് 31ന് പെൻഷൻ പറ്റുന്ന അദ്ദേഹം ജൂൺ 5 മുതൽ ഇവിടെ സേവനം തുടങ്ങും. പ്രമേഹം, വിഷചികിത്സ, എയ്ഡ്സ്, വീൽസ് എന്നിവയിൽ ഗവേഷണ പഠനങ്ങൾ നടത്തിവരുന്ന ഡോ. മൂർത്തി ഇവിടത്തെ ഹെൽത്ത് സയൻസ്, ലൈഫ് സയൻസ് വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതുമാണ്.

## ഏകദിനക്യാമ്പ്

കാലിക്കറ്റ് യൂണിവേഴ്സിറ്റി സൈക്കോളജി ഡിപ്പാർട്ട്മെന്റ്, യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ഗൈഡൻസ് ബ്യൂറോ, മൈത്രി ചാരിറ്റബിൾ ട്രസ്റ്റ് കോഴിക്കോട് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പേഴ്സണാലിറ്റി ഡവലപ്മെന്റ് കരിയർഗൈഡൻസ് ക്യാമ്പ് മെയ് പതിനൊന്നിന് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഓഡിറ്റോറിയത്തിൽ നടന്നു. വൈസ് ചാൻസലർ ഡോ. കെ. കെ. എൻ. കുറുപ്പ് ക്യാമ്പ് ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ. വി. കൃഷ്ണകുമാർ അദ്ധ്യക്ഷനായിരുന്നു. ശ്രീ. കെ. രാജൻ (സ്റ്റേഷൻ ഡയറക്ടർ ആകാശവാണി) ശ്രീ.ടി. ശിവദാസ്, ഡോ. അനിത രവീന്ദ്രൻ, ശ്രീ. പി.സി.സി. രാജ, ശ്രീ. സജി മാത്യു എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ എടുത്തു. അടുത്ത അദ്ധ്യയ നവർഷം മുതൽ കാലിക്കറ്റ് സർവകലാശാലാ പരിധിയിലുള്ള കോളേജുകളിലും മറ്റു വിദ്യാഭ്യാസ സ്ഥാപന ങ്ങളിലും ഇത്തരം ക്യാമ്പുകൾ സംഘടി പ്പിക്കാൻ ഉദ്ദേശിക്കുന്നതായി സംഘാടകർ പറഞ്ഞു.

## തീരദേശ ഫോക് ആർട്സ് ഫെസ്റ്റിവൽ

ഫോഡ് ഫൗണ്ടേഷന്റെ ഗ്രാന്റ് ഉപയോഗിച്ച് കാലിക്കറ്റ് സർവ്വകലാശാല ഫോക്‌ലോർ വിഭാഗം തീരദേശ ഫോക്ക് ആർട്ട്സ് ഫെസ്റ്റിവൽ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. ഡോ.കെ. കെ.എൻ. കുറുപ്പ് പരിപാടി ഉദ്ഘാടനം ചെയ്തു. പ്രോ വൈസ് ചാൻസലർ പ്രൊഫ. എം.സലിം അദ്ധ്യക്ഷനായിരുന്നു. ദക്ഷിണേന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും നൂറ്റിഅമ്പതോളം കലാകാരന്മാർ ഫെസ്റ്റിവലിൽ പങ്കെടുത്തു. ഡോ. രാഘവൻ പയ്യനാട്, ശ്രീ. ഗോവിന്ദവർമരാജ, ശ്രീ. വിജയരാഘവൻ എന്നിവർ സംസാരിച്ചു. തെലുഗു യൂനിവേഴ്സിറ്റിയിലെ ഡോ. ഭക്തവത്സല റെഡ്ഡി മുഖ്യാതിഥി യായിരുന്നു.

## ശില്പശാല ഉദ്ഘാടനം ചെയ്തു

കാലിക്കറ്റ് സർവ്വകലാശാല എൻ.എസ്.എസ്. വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി നടത്തുന്ന ശില്പനിർമ്മാണശാലയുടെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ.കെ.കെ.എൻ. കുറുപ്പ് നിർവ്വഹിച്ചു.

അയ്യായിരം വർഷങ്ങൾക്കുമുൻപുള്ള ഭാരതീയ ശില്പകലയെക്കുറിച്ച് യുവതലമുറയെ ബോധ്യ പ്പെടുത്തുവാനും മൺമറഞ്ഞു കൊണ്ടിരിക്കുന്ന കളിമൺ ശില്പനിർമ്മാണ കലയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംഘടിപ്പിച്ച ശില്പശാലയ്ക്ക് പ്രശസ്ത ശില്പി രാഘവൻ അത്തോളിയാണ് നേതൃത്വം നൽകുന്നത്. മുപ്പതോളം വിദ്യാർത്ഥികൾ ശില്പശാലയിൽ പങ്കെടുക്കുന്നു. ശില്പശാലയുടെ സമാപനത്തോടൊപ്പം സർവ്വകലാശാലയുടെ ഭരണവിഭാഗം ഓഫീസിനു മുൻപിൽ ശില്പിയും കുട്ടികളും ചേർന്ന് നിർമ്മിച്ച രണ്ട് ശില്പങ്ങളും സ്ഥാപിക്കും. ദാർശനികൻ, ഭരണതന്ത്രജ്ഞൻ, എന്നീ ശില്പങ്ങളാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. കളിമണ്ണിൽ നിർമ്മിച്ച് ചുട്ടെടുക്കുന്നതാണ് ശില്പങ്ങൾ.

ഉദ്ഘാടനചടങ്ങിൽ എൻ. എസ്. എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. കെ.വി. മോഹനൻ, സെക്ഷൻ ഓഫീസർ കെ. ആർ ദേവാനന്ദ് എന്നിവർ സംസാരിച്ചു.

## വിജ്ഞാനപരിപാലനം സെമിനാർ ആരംഭിച്ചു

കാലിക്കറ്റ് സർവ്വകലാശാല സി.എച്ച്. മുഹമ്മദ്കോയ ലൈബ്രറിയുടേയും ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് വിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ വിജ്ഞാന പരിപാലന -ദ്വിദിന ദേശീയ സെമിനാർ കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർ ഡോ.കെ.കെ.എൻ. കുറുപ്പ് ഉദ്ഘാടനം ചെയ്തു. വൈജ്ഞാനിക മുന്നേറ്റത്തിലൂടെ മാത്രമേ പുതിയ കോളനിവൽക്കരണ തന്ത്രങ്ങളെ ഫലപ്രദമായി ചെറുക്കാൻ കഴിയുകയുള്ളൂ എന്ന് അദ്ദേഹം പറഞ്ഞു. വിജ്ഞാനരംഗത്ത് നിലനില്ക്കുന്ന ഏകാധിപത്യപ്രവണത ഇല്ലാതാക്കാൻ സ്വന്തം ലൈബ്രറികളെ സ്വയം സജ്ജമാക്കിയാലേ സാധിക്കൂ, വൈസ് ചാൻസലർ തുടർന്നു.

യോഗത്തിൽ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് വിഭാഗം തലവൻ ഡോ.എം. ബാവക്കുട്ടി അദ്ധ്യക്ഷത വഹിച്ചു. അഹമ്മദാബാദ് ഇൻഫർമേഷൻ നെറ്റ് വർക്ക് സെന്റർ ഡയറക്ടർ ഡോ. ടി.എ.വി. മൂർത്തി, ബാംഗ്ലൂർ ഡാറ്റാ റിസർച്ച് ട്രെയിനിങ്ങ് സെന്റർ മുൻ പ്രഫസർ എം. നീലമേഘൻ, പ്രൊഫ. ഡോ.എ. അമുദവല്ലി, കേരളസർവ്വകലാശാല ലൈബ്രറി സയൻസ് പ്രൊഫസർ സി.എ. അഗസ്റ്റിൻ, ഡോ.വി. ജലജ, എം.സി.കെ. വീരാൻ എന്നിവർ പ്രസംഗിച്ചു. മൂന്നു ടെക്നിക്കൽ സെഷനുകളിലായി നാല്പതോളം പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

## പകർപ്പവകാശ സെമിനാർ

കാലിക്കറ്റ് സർവ്വകലാശാലയും കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയവും പബ്ലിക്കേഷൻ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സർവ്വകലാശാല സെനറ്റ് ഹൗസിൽ സംഘടിപ്പിച്ച 'പകർപ്പവകാശ നിയമവും പുതുലോകക്രമവും' സെമിനാർ വൈസ്ചാൻസലർ ഡോ. കെ. കെ. എൻ. കുറുപ്പ് ഉദ്ഘാടനം ചെയ്തു. ബൗദ്ധിക സ്വത്തവകാശം സംരക്ഷിക്കാൻ പുതിയ കാലഘട്ടത്തിൽ ഇന്ത്യൻ പകർപ്പവകാശ നിയമം പരിഷ്ക്കരി ക്കണമെന്ന് അദ്ദേഹം പറഞ്ഞു. യോഗത്തിൽ പ്രൊ- വൈസ് ചാൻസലർ, പ്രൊഫ. എം. സലിം അദ്ധ്യക്ഷത വഹിച്ചു. റിട്ടയേർഡ് ജസ്റ്റിസ് കെ. സുകുമാരൻ, മുൻ സിൻഡിക്കേറ്റംഗം വി.വി. ദക്ഷിണാമൂർത്തി, സി.വി. ശ്രീരാമൻ, അഡ്വ. രാംദാസ്, രജിസ്ട്രാർ ഡോ. എം. ദാസൻ, പബ്ലിക്കേഷൻ ഓഫീസർ പി.വി. വത്സരാജൻ എന്നിവർ സംസാരിച്ചു.

## ബയോടെക് വിദ്യാർത്ഥികൾ മികവ് പുലർത്തി


ദേശീയതല സി.എസ്.ഐ. ആർ യു.ജി.സി. പരീക്ഷയിൽ കാലിക്കറ്റ് സർവ്വകലാശാല ബയോടെക്നോളജി വിദ്യാർത്ഥികൾ മികവ് പുലർത്തി. പതിനൊന്ന് പേർ പരീക്ഷ എഴുതിയതിൽ എട്ടുപേർക്ക് സി.എസ്.ഐ. ആർ ഫെലോഷിപ്പും ഒരാൾക്ക് ജർമനിയിലെ ഡ്രസ്ഡൻ സർവ്വകലാശാലയിൽ ഗവേഷണത്തിനുള്ള ഫെലോഷിപ്പും ലഭിച്ചു. തുടർച്ചയായി ഇത് നാലാം തവണയാണ് കാലിക്കറ്റ് സർവ്വകലാശാല ബയോ ടെക്നോളജി വിഭാഗത്തിന് ഏറ്റവും കൂടുതൽ ശതമാനം വിദ്യാർത്ഥികൾക്ക് സി.എസ്.ഐ.ആർ യു.ജി.സി ലഭിക്കുന്ന ആദ്യത്തെ ബയോ ടെക്നോളജി പഠന കേന്ദ്രമെന്ന അംഗീകാരം ലഭിക്കുന്നത്. കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിന്റെ ധന സഹായത്തോടുകൂടി ബയോ ടെക്നോളജിയിൽ എം.എസ്.സി കോഴ്സ് നടത്തുന്ന ഏക സർവ്വകലാശാലയാണ് കാലിക്കറ്റ് സർവ്വകലാശാല.

## കാസറഗോഡിന്റെ ചരിത്രം

ഭിന്നഭാഷക്കാരുടെ നാടായ കാസറഗോഡിന്റെ ചരിത്രം രേഖപ്പെടുത്തുന്ന ഒരു പുസ്തകം കാസറഗോഡ് ജില്ലാ പഞ്ചായത്ത് ഹാളിൽ ഡോ. കെ. കെ.എൻ. കുറുപ്പ് പ്രകാശനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി പത്മാവതി അദ്ധ്യക്ഷയായിരുന്നു.

## കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് വിദേശത്ത് മതിപ്പ്

കാലിക്കറ്റ് സർവകലാശാലയെക്കുറിച്ച് എന്തെല്ലാം അപവാദ ങ്ങളുണ്ടെങ്കിലും വിദേശത്ത് കാലിക്കറ്റ് സർവകലാശാലയ്ക്ക് നല്ല മതിപ്പാണുള്ളതെന്ന് പ്രശസ്ത ഭിഷഗ്വരനും പ്രൊഫ. എം. എം. ഗനി അവാർഡ് ജേതാവുമായ ഡോ. കെ.പി. രാമമൂർത്തി അഭിപ്രായപ്പെട്ടു.




വൈസ്ചാൻസലർ ഡോ. കെ.കെ.എൻ. കുറുപ്പ് ഡോ.കെ.പി. രാമമൂർത്തിക്ക് അവാർഡ് സമ്മാനിക്കുന്നു

കാലിക്കറ്റ് സർവകലാശാലയുടെ ഒന്നാമത്തെ വൈസ്ചാൻസലർ ആയിരുന്ന പ്രൊഫ. എം.എം. ഗനിയുടെ പേരിൽ ഏറ്റവും നല്ല അദ്ധ്യാപകർക്കായി ഏർപ്പെടുത്തിയ അവാർഡ് കോഴിക്കോട് മെഡിക്കൽ കോളേജിലെ മെഡിസിൻ വിഭാഗം തലവൻ ഡോ. രാമമൂർത്തിക്കാണ് ഈ വർഷം ലഭിച്ചത്. പ്രമേഹം, എയ്ഡ്സ്, വീൽസ്, വിഷചികിത്സ എന്നിവയിൽ ഗവേഷണം നടത്തിവരുന്ന ഡോ. മൂർത്തി ദേശീയ-അന്തർദേശീയ മാസികകളിൽ 50 ഓളം പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവകലാശാല ലൈഫ് സയൻസ് വിഭാഗത്തിൽ ഡോ. ടി. രാമകൃഷ്ണയുടെ മേൽനോട്ടത്തിൽ പിഎച്ച്.ഡി നേടിയ അദ്ദേഹം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ റിസർച്ച് ഗൈഡ് കൂടിയാണ്. അർപ്പണബോധവും സേവന സന്നദ്ധതയുമുള്ള ഡോ. മൂർത്തി സാധാരണക്കാരന്റെ ഡോക്ടറായാണ് അറിയപ്പെടുന്നത്. മെയ് 31 ന് അദ്ദേഹം പെൻഷൻപറ്റുകയാണ്.

മെയ് 27 ന് 3 മണിക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് ഹൗസിൽ ചേർന്ന യോഗത്തിൽ പ്രോ-വൈസ് ചാൻസലർ പ്രൊഫ. എം. സലിം അദ്ധ്യക്ഷനായിരുന്നു. സിണ്ടിക്കേറ്റ് അംഗം പ്രൊ. വി. നാരായണൻകുട്ടി, യൂനി. യൂനിയൻ ചെയർമാൻ ശ്രീ. മുഹമ്മദ് റഫീഖ് എന്നിവർ ആശംസകൾ നേർന്നു. സ്റ്റുഡൻസ് വെൽഫയർ ഡീൻ ഡോ. ഗോകുൽദാസ് സ്വാഗതവും പരീക്ഷാ കൺട്രോളർ ശ്രീ. പി.കെ. ശശി നന്ദിയും പറഞ്ഞു. 2000-2001 വർഷത്തിൽ യൂനിവേഴ്സിറ്റി പരീക്ഷകളിൽ ഒന്നും രണ്ടും റാങ്ക് നേടിയ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും വൈസ്ചാൻസലർ വിതരണം ചെയ്തു.

### വൈസ്ചാൻസലർക്ക് സ്വീകരണം

കാലിക്കറ്റ് സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ വൈസ്ചാൻസലർക്ക് സ്വീകരണം നൽകി. പ്രിൻസിപ്പൽ ഡോ. സത്യനേശൻ വൈസ് ചാൻസലറെ പൊന്നാടയണിയിച്ചു. വിദ്യാർത്ഥികളുടെ വക ഒരു ഉപഹാരവും സമ്മാനി ക്കുകയുണ്ടായി.

### പബ്ലിക്കേഷൻ ഡിവിഷന് വൻലാഭം

കാലിക്കറ്റ് സർവ്വകലാശാലാ പബ്ലിക്കേഷൻ ഡിവിഷന് പുസ്തക വില്പനയിൽ 2001-2002 വർഷം 1,10,87,639 രൂപ ലാഭമുണ്ടായി. പാഠ്യപുസ്തക വിലയായി 1,80,95,725 രൂപ 35 പൈസയും പാഠ്യേതര പുസ്തകവിലയായി 8.05,470 രൂപ 25 പൈസയും ആകെ ഒരു കോടി എൺപത്തിഒൻപതുലക്ഷത്തി ഒരായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി അഞ്ചു രൂപ അറുപതു പൈസ വരുമാന മുണ്ടായി. അച്ചടിക്കും മറ്റെല്ലാവിധ ചിലവുകൾക്കുമായി ആകെ 78,13,556 രൂപ ചെലവായതായി പബ്ലിക്കേഷൻ ഓഫീസർ അറിയിച്ചു.

### ജെ.ആർ.എഫ്. ലക്ചർഷിപ്പ് പരിശീലനം

യു.ജി.സി. ജൂൺ 23 ന് നടത്തുന്ന ജെ.ആർ.എഫ് ലക്ചർഷിപ്പ് പരീക്ഷ എഴുതുന്നവർക്കുവേണ്ടി കാലിക്കറ്റ് സർവ്വകലാശാല സെന്റർ ഫോർ കോച്ചിങ്ങ് മൈനോറിറ്റീസ് 10 ദിവസത്തെ പരിശീലന കോഴ്സ് നടത്തുന്നു. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകരിച്ച വിദ്യാഭ്യാസപരമായും സാമൂഹികപരമായും പിന്നോക്കം നിൽക്കുന്ന മുസ്ലീം, ഈഴവ, ലത്തീൻ കാത്തലിക് എന്നീ വിഭാഗങ്ങളിലും മറ്റു പിന്നോക്ക വിഭാഗങ്ങളിലും പെടുന്നവർക്ക് മാത്രമായിരിക്കും പ്രവേശനം. കോഴ്സ് ജൂൺ 10 ന് ആരംഭിക്കും. താല്പര്യമുള്ളവർ പേര്, ജനനതീയതി, മതം, ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ കോപ്പി, സർവ്വകലാശാല ഫണ്ടിൽ 50 രൂപ അടച്ചതിന്റെ ചലാൻ എന്നിവ സഹിതം സർവ്വകലാശാലാ ജന്തുശാസ്ത്ര വിഭാഗം ഓഫീസിൽ ജൂൺ 10 ന് കാലത്ത് ഒൻപതു മണിയ്ക്ക് ഹാജരാകേണ്ടതാണ്.



സെറിബ്ര 2002

കാലിക്കറ്റ് സർവകലാശാലയുടെ വടകര എം.സി.എ. സെന്ററിൽ സെറിബ്ര 2002 എന്ന പേരിൽ ഒരു ഐ.റ്റി. എക്സിബിഷൻ സംഘടിപ്പിക്കുകയുണ്ടായി. വൈസ് ചാൻസലർ ഡോ. കെ. കെ.എൻ. കുറുപ്പ് പരിപാടി ഉദ്ഘാടനം ചെയ്തു. മുൻ പി.വി.സി. പ്രൊഫ. ജി.കെ. ശശിധരൻ മുഖ്യപ്രഭാഷണം നടത്തി. ശ്രീ. സി.കെ. പത്മനാഭൻ ആശംസാപ്രസംഗം നടത്തി. വിവിധ കമ്പ്യൂട്ടർ സംരംഭകരുടെ എക്സിബിഷനുമുണ്ടായിരുന്നു.

## സ്ഥാനക്കയറ്റം

ഡെപ്യൂട്ടി രജിസ്ട്രാറായിരുന്ന ശ്രീ. കെ.പി. സദാനന്ദമേനോൻ, ശ്രീ. എം.കെ. ശ്രീനിവാസൻ എന്നിവരെ ജോയിന്റ് രജിസ്ട്രാർമാരായും അസിസ്റ്റന്റ് രജിസ്ട്രാർമാരായിരുന്ന ശ്രീ. പി.വി. രാഘവൻ, ശ്രീ. എൻ.കെ. അബ്ദുൾഖാദർ, ശ്രീ. കെ.പി. മുഹമ്മദാലി എന്നിവരെ ഡെപ്യൂട്ടി രജിസ്ട്രാർമാരായും സ്ഥാനക്കയറ്റം നൽകി നിയമിച്ചു. സെക്ഷൻ ഓഫീസർമാരായിരുന്ന ശ്രീ. വി.എം. മത്തായി, ശ്രീ. എ. കുട്ടികൃഷ്ണൻ, ശ്രീ. എം. സയ്തലവി, ശ്രീ. ടി.വി. അശോകൻ, ശ്രീ. കെ. ബഷീർ അഹമ്മദ്, ശ്രീ. എം.എം. ഇസ്മയിൽ, ശ്രീമതി. കെ.പി. ഉഷ, ശ്രീ. രഞ്ജി ഫിലിപ്പ് സ്റ്റീഫൻ, ശ്രീമതി. എം. ശാരദ എന്നിവർക്ക് അസിസ്റ്റന്റ് രജിസ്ട്രാർമാരായി സ്ഥാനക്കയറ്റം നൽകി. സെക്ഷൻ ഓഫീസറായിരുന്ന ശ്രീമതി. കെ.കെ. ഉമൈബത്തിന് പൂൾ ഓഫീസറായി സ്ഥാനക്കയറ്റം നൽകി.

## വിരമിച്ചു

2002 ഫെബ്രുവരി മുതൽ മെയ് 31 വരെ കാലിക്കറ്റ് യൂണിവേഴ്സിറ്റി സർവ്വീസിൽ നിന്നും വിരമിച്ചവരുടെ വിശദാംശങ്ങൾ.

ശ്രീ. ആന്റണി. കെ.എ, ശ്രീമതി. സുമതി. കെ. (സെക്ഷൻ ഓഫീസർമാർ), ലോഹിതാക്ഷൻ.യു. (പ്യൂൺ) രാംബഹദൂർ കടയിത്ത് (വാച്ച്മാൻ) ഇംഗ്ലീഷ് വിഭാഗം പ്രൊഫസർ ഡോ. ആർ. വിശ്വനാഥൻ. (ഫെബ്രുവരി 28ന്).

ശ്രീ. കെ. അരവിന്ദാക്ഷൻ, ശ്രീ. എം.ആർ. കൃഷ്ണൻ (അസി. രജിസ്ട്രാർ) ശ്രീ. എ. ബാലകൃഷ്ണൻ (സെക്ഷൻ ഓഫീസർ), ശ്രീ. പി. ശ്രീധരൻ (ഡ്രൈവർ), ഡോ. ഏലിയാമ്മ തോമസ്, ഡോ. ജെസ്സി ജെ. മംഗലി, ഡോ.എസ്.എം. മുഹമ്മദ് കോയ, ഡോ. എൻ. രാമചന്ദ്രൻ നായർ (മാർച്ച് 31ന്)

ശ്രീ. ആറ്റക്കോയ പി.സി (പൂൾ ഓഫീസർ), ശ്രീ. മാണി, ടി.എം. (ഡെപ്യൂട്ടി രജിസ്ട്രാർ), ശ്രീ. സൈദ് കമാൽ (അസി. രജിസ്ട്രാർ) ശ്രീമതി. പമേലാ ജോൺ (അസി. രജിസ്ട്രാർ) ശ്രീ. ബാലഗോപാൽ പി.കെ. (സെല. ഗ്രേഡ് അസിസ്റ്റന്റ്) ശ്രീ. കരുണാകരൻ പി.സി. (കമ്പോസിറ്റർ) ശ്രീ. ചൂലൻ. സി. (ക്ലറിക്കൽ അസിസ്റ്റന്റ്) (ഏപ്രിൽ 30ന്)

ശ്രീ. ടി.പി. ഉലഹന്നാൻ, ശ്രീ.എം. കെ. ശ്രീനിവാസൻ (ജോയിന്റ് റജിസ്ട്രാർ), ശ്രീ. സി. മൊയ്തുകുട്ടി (ഡെപ്യൂട്ടി രജിസ്ട്രാർ), ശ്രീ. നാരായണൻ നായർ. എം. (അസി. രജിസ്ട്രാർ) ശ്രീ. എം. ബീരാൻകോയ (സെക്ഷൻ ഓഫീസർ) ശ്രീ. ഉണ്ണികൃഷ്ണൻ. ടി. (സെക്ഷൻ ഓഫീസർ) ശ്രീ. കുഞ്ഞഹമ്മദ് ടി.കെ. (ഡ്രൈവർ) ശ്രീമതി. രാജലക്ഷ്മി. വി. (പ്യൂൺ) ഹിന്ദിവിഭാഗം റീഡർ ഡോ. പി.കെ. പത്മജ (മെയ് 31ന്).

മെയ് 31 ന് വൈസ്ചാൻസലറുടെ മുറിയിൽ ചേർന്ന ലളിതമായ ചടങ്ങിൽ വിരമിക്കുന്ന ഉദ്യോഗസ്ഥർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ വൈസ് ചാൻസലർ വിതരണം ചെയ്തു.

## സർവ്വകലാശാല എഞ്ചിനീയറിങ്ങ് കോളേജിൽ പുതിയ കോഴ്സ്

കാലിക്കറ്റ്സർവ്വകലാശാല എഞ്ചിനീയറിങ്ങ് കോളേജിൽ ഈ വർഷം മുതൽ മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ബി.ടെക്. കോഴ്സ് ആരംഭിക്കും. ഓട്ടോമൊബൈൽ എഞ്ചിനീയറിങ്ങ്, ഇന്റസ്ട്രിയൽ എഞ്ചിനീയറിങ്ങ്, പ്രൊഡക്ഷൻ മാനേജ്മെന്റ് എന്നിവ യായിരിക്കും സ്പെഷ്യലൈസേഷൻ. ഇതിനുപുറമെ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, മെക്കാനിക്കൽ എഞ്ചിനീയറിങ്ങ് എന്നിവയിൽ സായാഹ്ന ബി.ടെക്. കോഴ്സും ആരംഭിക്കും.

## ഫോക്‌ലോർ എം.എ. ഈവനിങ്ങ് കോഴ്സ്

കാലിക്കറ്റ് സർവ്വകലാശാല വടകര കേന്ദ്രത്തിൽ ഫോക്‌ലോർ എം.എ. ഈവനിങ്ങ് സ്വാശ്രയ കോഴ്സ് ആരംഭിക്കുന്നു. ചുരുങ്ങിയത് 45 ശതമാനം മാർക്കോടെ ഡിഗ്രി പാസ്സായവർക്ക് അപേക്ഷിക്കാം. വൈകീട്ട് അഞ്ചു മണി മുതൽ എട്ടു മണിവരെ ആയിരിക്കും ക്ലാസ്സ്.

## യതി ബുക്ക്സ്

കാലിക്കറ്റ് സർവ്വകലാശാല കേന്ദ്രീകരിച്ച് യതി ബുക്ക്സ് എന്ന പേരിൽ ഒരു പ്രസിദ്ധീകരണം ആരംഭിച്ചിരിക്കുന്നു. ജൂൺ 8 ന് 5 മണിക്ക് പ്രസ്സ് ക്ലബ്ബ് ഓഡിറ്റോറിയത്തിലാണ് ഉദ്ഘാടന പരിപാടി. ഡോ. എം. ദാസന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ പ്രസിദ്ധ തമിഴ്/ഇംഗ്ലീഷ് എഴുത്തുകാരനായ വെങ്കട്ട് സ്വാമിനാഥനാണ് പുസ്തകങ്ങൾ പ്രകാശിപ്പിക്കുന്നത്. The Brink, Malabar Mind, The Man with two heads എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കും. ബി.ജയമോഹൻ, ഡോ. എം. ഗംഗാധരൻ, എം. യുവൻ എന്നിവരാണ് പുസ്തകങ്ങൾ ഏറ്റുവാങ്ങുക. കല്പനറന്റാല, പി.പി. രാമചന്ദ്രൻ, കൽപ്പറ്റ നാരായണൻ. ചിന്താമണി കൊടലകരേ, വി.എം. ഗിരിജ, അനിത തമ്പി, ടി.പി. രാജീവൻ എന്നിവർ കവിതകൾ അവതരിപ്പിക്കും. തമിഴ് എഴുത്തു കാരനായ പാവണ്ണൻ കെ.എം. ഷെരീഫ് എന്നിവർ സംസാരിക്കും. ശ്രീ. ബാബു വർഗ്ഗീസാണ് യതി ബുക്ക്സിന്റെ പബ്ലിക്കേഷൻ മാനേജർ. ശ്രീ. ടി.പി. രാജീവൻ ഹോണററി എഡിറ്ററും.

# കാലിക്കറ്റ് യുണിവേഴ്സിറ്റി ബുള്ളറ്റിൻ

Patron: Prof. (Dr.) K.K.N. Kurup, Vice-Chancellor
Printer & Publisher : Dr. M. Dasan, Registrar
Editor: Dr. P.K. Chandran

വാല്യം 2 | ലക്കം 11, 12 | 2002, ഏപ്രിൽ- മെയ്




## നമോവാകം

പ്രിയരേ,

കാലിക്കറ്റ് സർവകലാശാലയിൽ വിദ്യാർത്ഥിയായി ആരംഭിച്ച് അദ്ധ്യാപകനായും വൈസ് ചാൻസലറായും പ്രവർത്തിച്ച്, നീണ്ട മുപ്പതു വർഷങ്ങൾക്കു ശേഷം ഈ ജൂൺ 19-ാം തിയ്യതി വൈകുന്നേരം ഞാൻ പിരിഞ്ഞു പോവുകയാണ്. ഈ സർവകലാശാലയോട് വിടവാങ്ങുമ്പോൾ, കഴിഞ്ഞ നൂറ്റാണ്ടിൽ നിന്നും പുതിയ നൂറ്റാണ്ടിലേക്കുള്ള ഈ ഉന്നതവിദ്യാകേന്ദ്രത്തിന്റെ വളർച്ചയിൽ നേതൃത്വം കൊടുക്കുവാൻ കഴിഞ്ഞു എന്നതിൽ അത്യന്തം ചാരിതാർത്ഥ്യം കൊള്ളുന്നു. മലബാറിന്റെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയിൽ നിന്നും മുന്നോട്ടുവരികയും ശാസ്ത്ര സാങ്കേതിക മേഖലകളിലും മറ്റു മാനവിക വിഷയങ്ങളിലും ചുരുങ്ങിയ വർഷങ്ങൾക്കിടയിൽ വലിയ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്ത ഒന്നാണ് ഈ വിദ്യാകേന്ദ്രം. ഈ മാറ്റത്തിനായി അക്ഷീണം പരിശ്രമിച്ച സർവകലാശാലാ ഭരണസമിതികളിലെ അംഗങ്ങളോടും അദ്ധ്യാപകരോടും അനദ്ധ്യാപക ജീവനക്കാരോടും വിദ്യാർത്ഥികളോടും ഈ നേട്ടങ്ങൾ കൈവരി ക്കാൻ ഈ സർവകലാശാലയെ പ്രാപ്ത മാക്കിയ മറ്റനേകം വ്യക്തികളോടും വൈസ് ചാൻസലർ എന്ന നിലയിലുള്ള എന്റെ കടപ്പാട് പ്രത്യേകം രേഖപ്പെടുത്തട്ടെ.

പുതിയ സർവകലാശാലാ കേന്ദ്രങ്ങളും പഠന വകുപ്പുകളും എഞ്ചിനീയറിംഗ് കോളേജ് അടക്കമുള്ള പുതിയ സ്ഥാപനങ്ങളുംപ്രസിദ്ധീകരണ വിഭാഗവും ആധുനികവല്ക്കരിച്ച പ്രിന്റിങ്ങ് പ്രസ്സും മറ്റനേകം സംരംഭങ്ങളും ഈ കാലയളവിൽ പൂർത്തീകരിക്കുവാൻ കഴിഞ്ഞുവെന്നത് ഈ സർവ്വകലാശാലയുടെ വളർച്ചയുടെ ഉത്തമ ഉദാഹരണമാണ്. **NAAC** ന്റെ വിലയിരുത്തലിൽ 70 പോയിന്റ് നേടാൻ കഴിഞ്ഞുവെന്നതും, ഈ സർവകലാശാല ഗ്രാമങ്ങളിലേക്ക് അതിന്റെ പ്രവർത്തന മേഖല വികസിപ്പിച്ചതിനെ **NAAC** മുക്തകണ്ഠം പ്രശംസിച്ചതും ഇവിടെ പ്രത്യേകം ഓർമ്മിക്കുന്നു. സർവകലാശാലയുടെ പ്രവർത്തനങ്ങൾ ശാസ്ത്ര സാങ്കേതിക രംഗത്തും മറ്റു മേഖലകളിലും കൂടുതൽ ഊർജ്ജസ്വലമാക്കാൻ വരുംകാലങ്ങളിൽ കൂട്ടായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കാൻ ഈ വിലയിരുത്തൽ സഹായിച്ചിരിക്കുകയാണ്. കൂടുതൽ വികസന പ്രവർത്തനങ്ങളും പഠന മേഖലകളും ആരംഭിക്കേണ്ടതുണ്ടെന്ന് ഇവിടെ അനുസ്മരിക്കട്ടെ.

വരുംകാലങ്ങളിൽ ഉത്തര കേരളത്തിന്റെ സർവതോന്മുഖമായ വളർച്ചയ്ക്ക് സഹായകമായ വിവിധ പ്രവർത്തനങ്ങളുമായി നമ്മുടെ സർവ്വകലാശാലയെ ബന്ധപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ ദിശയിലാരംഭിച്ച പ്രവർത്തനപദ്ധതികളെ വികസിപ്പിച്ചും കൂടുതൽ കരുത്താർന്ന അക്കാദമിക വീക്ഷണം കാഴ്ചവെച്ചും ഈ സർവകലാശാല മുന്നോട്ടു പോകുമെന്ന പ്രത്യാശയോടെ നിങ്ങൾ ഓരോരുത്തരോടും വൈസ്ചാൻസലർ എന്ന നിലയിൽ ഞാൻ യാത്ര ചോദിക്കട്ടെ. ഭാവിയിലും ഉന്നത വിദ്യാഭ്യാസ പ്രവർത്തനങ്ങളും ഗവേഷണപഠനങ്ങളുമായി ജീവിതകാലം പൂർത്തിയാക്കുക എന്നതാണ് എന്റെ ലക്ഷ്യം. ഈ പ്രവർത്തനങ്ങൾക്കു വേണ്ടി വടകരയിൽ മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് & ഡവലപ്മെന്റ് എന്ന പേരിൽ ഒരു ചെറിയ പഠനകേന്ദ്രം കെട്ടിപ്പടുക്കുകയെന്ന പ്രവർത്തനവുമായി ഈ അവസരത്തിൽ മുന്നോട്ടു പോകുവാനാഗ്രഹിക്കുന്നു.

സ്നേഹാശംസകളോടെ
**പ്രൊഫ. (ഡോ.) കെ.കെ.എൻ. കുറുപ്പ്**


<u>സ്ഥിരവിലാസം</u>
പൂമാലിക,
ചോമ്പാല പി.ഒ.
673 308
0496-502929


### യൂനിവേഴ്സിറ്റി ഹെൽത്ത് സെന്ററിൽ ഡോ. രാമമൂർത്തിയുടെ സേവനം ലഭിക്കും

കോഴിക്കോട് മെഡിക്കൽ കോളേജിലെ മെഡിസിൻ വിഭാഗം തലവനും പ്രശസ്ത പ്രമേഹ ചികിത്സ കനുമായ ഡോ.കെ.പി. രാമമൂർത്തി ബുധൻ, ശനി ദിവസങ്ങളിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഹെൽത്ത് സെന്ററിൽ രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതാണ്. പ്രൊഫ. എം.എം. ഗനിയുടെ പേരിലുള്ള ഏറ്റവും നല്ല അദ്ധ്യാപകനുള്ള അവാർഡ് ലഭിച്ച ഡോ. മൂർത്തി, വൈസ്ചാൻസലറുടെ പ്രത്യേക അഭ്യർത്ഥന മാനിച്ചാണ് ഈ സേവനം വിട്ടുതരുന്നത്. മെഡിക്കൽ കോളേജിൽ നിന്നും മെയ് 31ന് പെൻഷൻ പറ്റുന്ന അദ്ദേഹം ജൂൺ 5 മുതൽ ഇവിടെ സേവനം തുടങ്ങും. പ്രമേഹം, വിഷചികിത്സ, എയ്ഡ്സ്, വീൽസ് എന്നിവയിൽ ഗവേഷണ പഠനങ്ങൾ നടത്തിവരുന്ന ഡോ. മൂർത്തി ഇവിടത്തെ ഹെൽത്ത് സയൻസ്, ലൈഫ് സയൻസ് വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതുമാണ്.


Indic Digital Archive Foundation
gpura.org